# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>നദികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി അതോറിറ്റി</u>

4045 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളുടെ സംരക്ഷണത്തിനും അവയുടെ പരിപാലനത്തിനുമായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) 44 നദികളാൽ സമ്പന്നമായ കേരളത്തിൽ വേനൽ കാലത്ത് രൂക്ഷമായ വരൾച്ച നേരിടുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ജലസമ്പത്ത് സംരക്ഷിക്കുന്നതിനും, കുടിവെള്ളത്തിനും കൃഷിക്കും, വ്യവസായത്തിനും, ഉപയുക്തമാക്കുന്നതിനും വൻകിട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ നദികളുടെ സംരക്ഷണം</u>

4046 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംരക്ഷിത നദികൾ ഏതെല്ലം; സംരക്ഷണം വേണ്ട നദികൾ ഏതെല്ലം;

(ബി) നദികളിൽ വിവിധതരം ബാക്ടീരിയകൾ, വൈറസുകൾ, ലോഹാംശം, വിവിധയിനം മാലിന്യങ്ങൾ, കീടനാശിനികൾ, മെർക്കുറി, വിസർജ്ജ്യങ്ങൾ, കാഡ്മിയം, ഓടജലം, ഉപ്പുവെളളം, ഓരുവെളളം, ജൈവ/പ്ലാസ്റ്റിക് മാലിന്യം, അമ്ലമയം, ടാനിൻ എന്നിവയുടെ അംശം എത്രവരെ ആകാം; ഇപ്പോൾ എത്രയുണ്ട്; എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) നദികളെ വിഷമയമാക്കുന്ന സർക്കാർ/അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; ഇതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) നദികളെ വിഷമയമാക്കുന്ന സ്വകാര്യ കമ്പനികൾ ഏതെല്ലാം; ഇത്തരം പ്രവർത്തനങ്ങൾ തടയാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) ഉപ്പുവെളള, ഓരുവെളള ഭീഷണിയുളള നദികൾ ഏതെല്ലാം; ഇവയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(എഫ്) മണൽവാരൽമൂലം നശിച്ചുകൊണ്ടിരിക്കുന്ന നദികൾ ഏതെല്ലാം; ഇവയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ജി) ജൈവമാലിന്യ നിക്ഷേപത്താൽ മലീമസമായി നശിക്കുന്ന നദികൾ ഏതെല്ലാം; ഇവയുടെ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(എച്ച്) സംസ്ഥാന നദികളെ സംരക്ഷിക്കുവാൻ ഈ സർക്കാർ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ചെക്ക് ഡാമുകളുടെ നിർമ്മാണം</u>

4047 ശ്രീ. എം.എ. വാഹീദ്
,, ഹൈബി ഈഡൻ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലസേചന മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുളളത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>റെഗുലേറ്ററുകള്‍ നിര്‍മ്മിക്കുന്നതിന് നടപടികള്‍</u>

4048 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, വര്‍ക്കല കഹാര്‍
,, റ്റി. എന്‍. പ്രതാപന്‍
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജലവിഭവ വകുപ്പ് സംസ്ഥാനത്ത് റെഗുലേറ്ററുകള്‍ നിര്‍മ്മിക്കുന്നതിന് നടപടികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുളളത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

തടയണകളുടെ സർവ്വേ പ്രവർത്തനങ്ങൾ

4049 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ സംസ്ഥാന ബജറ്റിൽ എത്ര തടയണകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര എണ്ണത്തിന് ഇതിനകം ഭരണാനുമതി നല്കിയിട്ടുണ്ട്; ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) പ്രഖ്യാപിച്ചിട്ടുള്ള തടയണകളെ സംബന്ധിച്ചുള്ള സർവ്വേ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ;

(ഡി) എങ്കിൽ എത്ര തടയണകളുടെ സർവ്വേയാണ് നടക്കുന്നതെന്നും, അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

ആർ. ഐ. ഡി. എച്ച് -19 പദ്ധതി

4050 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ഐ. ഡി. എഫ് -19 -ൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി ജല വിഭവ വകുപ്പിൽ നിന്നും എത്ര പദ്ധതികളാണ് സമർപ്പിച്ചിരുന്നത്; എത്ര കോടി രൂപയുടേതാണ് പദ്ധതികൾ;

(ബി) ഇവയിൽ കാസർഗോഡ് ജില്ലയിൽ നിന്നുമുളള പദ്ധതികളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) ആർ. ഐ. ഡി. എഫ് -19 -ന്റെ സ്റ്റേറ്റ്ലെവൽ മീറ്റിങ്ങിൽ ഏതെല്ലാം പദ്ധതികളാണ് അംഗീകരിച്ചിട്ടുളളത്; മീറ്റിംഗ് എന്നാണ് നടന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

4051 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകൾ നവീകരിക്കുന്നതിന് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡി.ആർ.ഐ.പി.) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ എത്ര അണക്കെട്ടുകളാണ് നവീകരിക്കുക എന്നും ഏതെല്ലാം അണക്കെട്ടുകളാണ് അവ എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നവീകരണ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി</u>

4052 ശ്രീ. പി. സി. വിഷ്ണുനാഥ്
'' ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി പ്രകാരം സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>മേജർ ശുദ്ധജലവിതരണ പദ്ധതികൾ</u>

4053 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന മേജർ ശുദ്ധജലവിതരണപദ്ധതികൾ ഏതൊക്കെയാണ്;

(ബി) അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ജലവിഭവ വകുപ്പിന്റെ ഭൂമിയിൽ ഇക്കോ ടൂറിസം പദ്ധതി</u>

4054 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ 1960-70 കാലഘട്ടത്തിൽ പദ്ധതികൾക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയുടെ കുറേ ഭാഗം ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി ടൂറിസം വകുപ്പുമായി ചേർന്ന് ഇക്കോ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പഴശ്ശി പദ്ധതി</u>

4055 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി പദ്ധതിയുടെ ഷട്ടർ നവീകരണ പ്രവൃത്തികൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഷട്ടർ നവീകരിക്കുന്ന പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്;

(സി) പദ്ധതിയിൽ ജലം സംഭരിക്കുന്നതിനും ഒഴുക്കി വിടുന്നതിനും സാധിക്കത്തക്കവിധത്തിൽ ഷട്ടർ ഓപ്പറേഷൻ നടക്കുമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>പഴശ്ശി ജലസേചന പദ്ധതി</u>

4056 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) ഭരണാനുമതി ലഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു;

(സി) ഒന്നാംഘട്ട കമ്മീഷനിംഗ് എന്ന് നടന്നുവെന്നും ആരാണ് ഉത്ഘാടനം ചെയ്തതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം താലൂക്കുകളിലെ ജലസേചനമാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്;

(എഫ്) നാളിതുവരെ പഴശ്ശി പദ്ധതിക്ക് എന്തു തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ;

(ജി) കഴിഞ്ഞ 10 വർഷങ്ങളിലായി ഓരോ സാമ്പത്തിക വർഷവും പഴശ്ശി പദ്ധതിക്കായി എന്തു തുക വീതം ചെലവഴിച്ചുവെന്നും ഓരോ വർഷവും ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ;

(എച്ച്) പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

പഴശ്ശി പദ്ധതിക്കായി അക്വയർ ചെയ്ത സ്ഥലങ്ങൾ

4057 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി ജലസേചന പദ്ധതിക്കായി ഏതെല്ലാം താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിൽ എത്ര സ്ഥലം അക്വയർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ അക്വയർ ചെയ്ത സ്ഥലങ്ങളിൽ എന്തെല്ലാം നിർമ്മാണപ്രവർത്തനങ്ങൾ ഇതുവരെ നടന്നുവെന്നു വ്യക്തമാക്കുമോ;

(സി) അക്വയർ ചെയ്തതിൽ എത്ര ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലായെന്നും പ്രസ്തുത സ്ഥലങ്ങൾ ഏതു വില്ലേജിലെ ഏതു സർവ്വെ നമ്പർ പ്രകാരമുള്ളവയാണെന്നും വ്യക്തമാക്കുമോ;

(ഡി) വിവിധ ആവശ്യങ്ങൾക്കായി ഇതിൽ എത്ര ഭൂമി മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിട്ടു നൽകിയിട്ടുണ്ടെന്നും അതു സംബന്ധിച്ച ഉത്തരവുകളും ലഭ്യമാക്കുമോ;

(ഇ) മട്ടന്നൂർ മിനി സിവിൽസ്റ്റേഷന് വേണ്ടി തലശ്ശേരി താലൂക്കിലെ കോളാരി വില്ലേജിൽ പഴശ്ശി പ്രോജക്ടിനു വേണ്ടി ഏറ്റെടുത്ത് ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം വിട്ടുതരണമെന്ന് ആവശ്യപ്പെട്ട് മട്ടന്നൂർ എം. എൽ. എ. നിവേദനം നൽകിയത് എന്നായിരുന്നു;

(എഫ്) പ്രസ്തുത നിവേദനപ്രകാരം ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് പ്രോജക്ട്-I ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കുകയുണ്ടായോ;

(ജി) ഇല്ലായെങ്കിൽ, റിപ്പോർട്ട് നൽകാത്ത പഴശ്ശി പ്രോജക്ട് ഉദ്യോഗസ്ഥൻമാരോട് വിശദീകരണം ചോദിക്കുവാനും റിപ്പോർട്ട് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>പഴശ്ശി പ്രോജക്ടുമായി ബന്ധപ്പെട്ട ഓഫീസുകൾ</u>

4058

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി പ്രോജക്ടിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരാണുള്ളത്;

(ബി) പ്രസ്തുത പ്രോജക്ടിനായി ഏതെല്ലാം ഓഫീസുകളാണ് നിലവിലുള്ളതെന്നും ഓരോ ഓഫീസുകളിലും നിലവിലുള്ള തസ്തികകൾ എത്രയാണെന്നും ഓരോ ഓഫീസുകളും സ്ഥിതി ചെയ്യുന്നത് എവിടെയെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഓഫീസുകളോട് ചേർന്നാണ് ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ക്വാർട്ടേഴ്സും ആരുടെ പേരിലാണ് അനുവദിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) ഓരോ ക്വാർട്ടേഴ്സിലും ഇപ്പോൾ താമസിക്കുന്നത് ആരൊക്കെയാണെന്നും അറിയിക്കുമോ;

(എഫ്) കഴിഞ്ഞ 10 വർഷത്തിനിടയിൽ ഓരോ വർഷവും ക്വാർട്ടേഴ്സ് മെയിന്റനൻസിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതി</u>

4059 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർമാർ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കുറ്റ്യാടി ജലസേചന പദ്ധതിയിലെ കക്കോടി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>നദികള്‍ മാലിന്യമുക്തമാക്കുന്നതിന് പദ്ധതികള്‍</u>

4060

ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കേരളത്തിലെ നദികള്‍ മാലിന്യമുക്തമാക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും പദ്ധതികള്‍ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

ജല സ്രോതസ്സുകളുടെ മലിനീകരണം

4061 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലസ്രോതസ്സുകളായ നദികൾ, തോടുകൾ, കായലുകൾ എന്നിവിടങ്ങളിലേക്ക് വീടുകളിലെയും വ്യാപാര സ്ഥാപനങ്ങളിലേയും ലോഡ്ജുകളിലേയും കക്കൂസ് ഔട്ട്ലെറ്റ് തുറന്നു വച്ചിരിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ജലസൗഹൃദ ക്ലബ്ബുകൾ</u>

4062 ശ്രീ. എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജലസൗഹൃദ ക്ലബ്ബുകൾ ആരംഭിക്കാൻ നടപടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ജലസംരക്ഷണ ബോധവൽക്കരണ പരിപാടി</u>

4063 ശ്രീ. സണ്ണി ജോസഫ്
'' അൻവർ സാദത്ത്
'' ഡൊമിനിക് പ്രസന്റേഷൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജലസംരക്ഷണ ബോധവൽക്കരണത്തിന് നടപടി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുഴൽകിണർ നിർമ്മാണം</u>

4064 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ കുഴൽ കിണറുകൾ കുഴിക്കുന്നതിന് എത്ര മെഷീനുകളാണ് നിലവിലുളളത്; ഇതിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു എന്നും എത്ര എണ്ണം പ്രവർത്തിക്കുന്നില്ല എന്നും വ്യക്തമാക്കുമോ;

(ബി) പ്രവർത്തിക്കാത്തവ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കാനുളള നടപടി സ്വീകരിക്കുമോ;

(സി) ഭൂജല വകുപ്പ് കുഴൽകിണർ കുഴിക്കുന്നതിന് പ്രൈവറ്റ് മെഷീനുകൾ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം ഇപ്രകാരം ഉപയോഗിക്കുന്നു;

(ഡി) 2013 ഏപ്രിൽ, മെയ് മാസങ്ങളിലായി പ്രൈവറ്റ് മെഷീനുകൾക്ക് വകുപ്പ് എത്ര തുകയാണ് നൽകിയത്;

(ഇ) സർക്കാർ ഖജനാവിന് ഭീമമായ നഷ്ടം ഉണ്ടാക്കുന്ന പ്രൈവറ്റ് മെഷീനുകൾ വഴിയുളള കുഴൽകിണർ നിർമ്മാണം അവസാനിപ്പിച്ച് വകുപ്പിന്റെ മെഷീനുകൾ അറ്റകുറ്റപ്പണി നടത്തി നിർമ്മാണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>പുതിയ കുടിവെള്ള പദ്ധതികൾ</u>

4065

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കുടിവെള്ള പദ്ധതികൾ പുതുതായി കമ്മീഷൻ ചെയ്തു; ഇതിനായി എത്ര തുക ചെലവഴിച്ചു; ആയതിന് വിവിധ ഏജൻസികളിൽ നിന്നും കടം വാങ്ങിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി അനുമതി നൽകിയ പദ്ധതികൾ ഏതൊക്കെ; ഇതിന് വേണ്ട തുക എത്ര; ആയതിന് വിവിധ ഏജൻസികളിൽ നിന്നും എത്ര തുക കടം വാങ്ങാൻ ഉദ്ദേശിക്കുന്നു;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ശതമാനം പണി തീർത്തിട്ടുണ്ട്; ആയതിലേയ്ക്ക് ഇതേവരെ എത്ര തുക ചെലവഴിച്ചു; അവശേഷിക്കുന്ന പ്രവൃത്തി ചെയ്യാൻ ഇനി എത്ര തുക വേണ്ടിവരും;

(ഡി) പ്രസ്തുത ജപ്പാൻ കുടിവെള്ള പദ്ധതി പൂർണ്ണമായും എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയും; എത്ര ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും;

(ഇ) കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതിന്റെ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചു; ആയതിലേയ്ക്ക് എത്ര തുക ചെലവഴിച്ചു; ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എത്ര തുക കൂടി ആവശ്യമായി വരും;

(എഫ്) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കും; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>കുടിവെള്ള വിതരണ ടാങ്കറുകൾ</u>

4066 ശ്രീ. വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം കൈകാര്യം ചെയ്യുന്നതിന് മാത്രമുള്ള ടാങ്കർ ലോറികൾക്കും, കുടിവെള്ള സ്രോതസുകൾക്കും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിന് കമ്പനി</u>

4067 ശ്രീ. എളമരം കരീം
ശ്രീമതി കെ. കെ. ലതിക
ശ്രീ. ബി. ഡി. ദേവസ്സി
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് രൂപം നൽകിയ പുതിയ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; കമ്പനിയിൽ സർക്കാർ ഓഹരി പരമാവധി എത്ര ശതമാനമാണ്;

(ബി) നിലവിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള വിതരണം മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ;

(സി) ഒരേ ലക്ഷ്യത്തിന് രണ്ട് സ്ഥാപനങ്ങളുടെ അനിവാര്യത വ്യക്തമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയ്ക്ക് പകരം സിയാൽ മോഡൽ കമ്പനി സ്ഥാപിക്കുക വഴി സംസ്ഥാന ജലസ്രോതസ്സുകൾ സ്വകാര്യവല്ക്കരിക്കുന്നതിന് തുടക്കം കുറിച്ചിരിക്കുകയാണോ; ഇത് ഭാവിയിൽ ജനങ്ങളേയും സംസ്ഥാനത്തേയും എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള പ്രശ്ന അവലോകന യോഗം</u>

T-4068 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. നാരായണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പ്രശ്നം അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ നടത്തിയ യോഗ തീരുമാനങ്ങൾ നടപ്പിലാക്കുകയുണ്ടായോ ; അവലോകനത്തിനുശേഷം ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടുകൾ കേന്ദ്രീകൃതമായി വിലയിരുത്തുകയുണ്ടായോ ;

(ബി) ജില്ലകൾക്ക് ഇതിനായി അനുവദിച്ച തുക എത്ര വീതമായിരുന്നു ; ഇതിൽ മാർച്ച് 31 വരെ ചെലവഴിക്കാൻ കഴിയാതിരുന്ന തുക എത്രയായിരുന്നു; 2013 മെയ് അവസാനം ജില്ലകൾക്ക് ആവശ്യമുണ്ടായിരുന്ന തുക എത്ര ; ചെലവായത് എത്ര ; സർക്കാർ അനുവദിച്ചതെത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിന് പഴയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി</u>

4069 ശ്രീ. ലൂഡി ലൂയിസ്
,, പാലോട് രവി
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് പഴയ പൈപ്പ് ലൈനുകൾ മാറ്റിയിടുന്ന പദ്ധതിക്കായി എന്ത് തുക അനുവദിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>സർക്കാർ സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക</u>

4070 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വെള്ളക്കര കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും എന്ത് തുക വാട്ടർ അതോറിറ്റിയ്ക്ക് പിരിഞ്ഞുകിട്ടുവാനുണ്ട്?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ളം കുപ്പികളിലാക്കി വിതരണം ചെയ്യുന്നതിന് നിയന്ത്രണം</u>

4071 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന സംരംഭങ്ങൾ തുടങ്ങുന്ന സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ മേഖലയിലും ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; കൂടുതൽ മെച്ചപ്പെട്ട ജലം കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് ബോട്ടിലുകളിലാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ കുടിവെള്ള കമ്പനികൾക്ക് ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ളവിതരണത്തിന് സിയാൽ മാതൃക</u>

4072 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുടിവെള്ള വിതരണം സിയാൽ മാതൃകയിൽ സ്വകാര്യവൽക്കരിക്കുന്നതിനായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പദ്ധതികൾ</u>

4073 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം;

(ബി) ജെക്ക സഹായത്തിനായി കെ. ഡബ്ല്യു. എ. സമർപ്പിച്ച പ്രപ്പോസലുകൾ ഏതെല്ലാം; വിശദമാക്കുമോ;

(സി) സമർപ്പിക്കപ്പെട്ട പ്രപ്പോസലുകളിൽ ഏതിനെല്ലാം ഭരണാനുമതി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാൻ നടപടി</u>

4074 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നദികളിലും കുടിവെള്ള സ്രോതസ്സുകളിലും വ്യാപകമായി മാലിന്യങ്ങൾ തള്ളുന്ന പ്രവണതക്കെതിരായി ജലവിഭവ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുവാൻ എന്തെങ്കിലും പ്രചരണ പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ സമഗ്രമായ ഒരു പ്രചരണ പരിപാടിക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനം</u>

4075 ശ്രീ. ജി. സുധാകരൻ
'' സി.കെ. സദാശിവൻ
'' ആർ. രാജേഷ്
'' എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ കുട്ടനാട് പാക്കേജിൽ ജലവിഭവവകുപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവവകുപ്പിന് ഇതുവരെ കേന്ദ്രത്തിൽ നിന്ന് എത്ര ഫണ്ട് ലഭിച്ചെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ; സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചു;

(സി) നിലവിൽ ഏതൊക്കെ സ്കീമുകൾക്കാണ് കേന്ദ്രം അംഗീകാരം നൽകിയതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കാമോ;

(ഡി) കേന്ദ്രം അംഗീകരിച്ച സ്കീമുകൾക്ക് മാത്രമായി എത്ര തുക വേണ്ടി വരുമെന്നും അതിനായി എത്ര തുക നീക്കി വെച്ചിരിക്കുന്നുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>നബാർഡ് സഹായത്തോടെയുള്ള ശുദ്ധജല പദ്ധതികൾ</u>

4076 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പി. സി. വിഷ്ണുനാഥ്
'' എ. റ്റി. ജോർജ്
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡ് സഹായത്തോടെയുള്ള ശുദ്ധ ജല പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചി ട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ഡി) എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാം ശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ജലനിധി പദ്ധതികളിലൂടെ സ്ഥാപിച്ച പമ്പ് ഹൗസുകളുടെ നവീകരണവും അറ്റകുറ്റപ്പണികളും

4077 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതികളിലൂടെ സ്ഥാപിച്ച പമ്പ് ഹൗസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പമ്പ് ഹൗസിന്റെ അറ്റകുറ്റപ്പണികളുടെ ചെലവ് ഉപഭോക്താക്കൾക്ക് താങ്ങാൻ കഴിയാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം ജലവിതരണ ശൃംഖലകൾ സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം പദ്ധതികളുടെ അറ്റകുറ്റ പണികൾക്കായി ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

മഴവെള്ള സംഭരണികൾക്ക് സബ്സിഡി

4078

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക്, മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് ജലനിധി മാതൃകയിൽ സബ്സിഡി അനുവദിക്കാൻ അനുമതി നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പെരുവണ്ണാമൂഴിയിൽ ജപ്പാൻ കുടിവെള്ള പദ്ധതി</u>

4079 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴിയിൽ സ്ഥാപിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാവുമെന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നുള്ള വെള്ളം ഏതെല്ലാം പ്രദേശങ്ങളിലാണ് ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിൽ നിന്ന് കുടിവെള്ളം ലഭിക്കാവുന്ന പ്രദേശങ്ങളിൽ, പുതിയ കുടിവെള്ള പദ്ധതികൾ ആവശ്യമുണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പരിശീലനം

4080 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജല അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് ജപ്പാൻ സർക്കാരിന്റെ ചുമതലയിലുള്ള രാജ്യാന്തര സഹകരണ ഏജൻസി (ജപ്പാൻ) ഏത് തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകാൻ നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി ഉദ്യോഗസ്ഥരെ നിർദ്ദേശിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ പരിശീലനത്തിനുള്ള യാത്രാനുമതി ജപ്പാൻ ബാങ്ക് നിഷേധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശിക</u>

T-4081 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണത്തിൽ മുൻകാല പ്രാബല്യത്തോടുകൂടി ആനുകൂല്യങ്ങൾ നൽകിയെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വരുത്തിയത് 4 മാസത്തെ കുടിശ്ശിക ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ടാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് വിവേചനമായി കരുതുന്നുണ്ടോ;

(സി) പെൻഷൻ കുടിശ്ശിക അർഹരായവർക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും പെൻഷൻ കുടിശ്ശിക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിലെ ആശ്രിത നിയമനം</u>

4082 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനം നടത്തുന്നതിനായി വാട്ടർ അതോറിറ്റിയിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ 2005 മുതലുള്ള സീനിയോറിറ്റി ലിസ്റ്റും ലിസ്റ്റിൽ നിന്ന് ആർക്കൊക്കെ നിയമനം നൽകി എന്ന വിവരവും എപ്പോഴാണ് നിയമനം നൽകിയത് എന്ന വിവരവും ഉൾപ്പെടുത്തിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന്റെ രീതി ഏതു തരത്തിലാണെന്നും നിലവിൽ പ്രസ്തുത തസ്തികയിൽ ഏതൊക്കെ ഓഫീസുകളിൽ എത്ര ഒഴിവുകൾ വീതം ഉണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിൽ ഓവർസിയർമാരുടെ നിയമനം</u>

4083 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓവർസിയർമാരുടെ നിയമനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. ഉദ്യോഗാർത്ഥികളെ അഡൈ്വസ് ചെയ്തിട്ടുണ്ടോ;

(സി) എത്ര ഒഴിവുകൾ കെ.ഡബ്ല്യു.എ., പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റിയിലെ തേഡ് ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകൾ</u>

4084 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ തേഡ് ഗ്രേഡ് ഓവർസിയർമാരുടെ എത്ര ഒഴിവുകളാണുള്ളത്; ഇതിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുവാൻ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂരിൽ വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ്</u>

4085

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗിലേക്ക് ജലവിഭവവകുപ്പിലെ ക്ലാർക്കുമാരുടെയും ടൈപ്പിസ്റ്റുമാരുടെയും ഓപ്ഷൻ</u>

4086 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗിലേക്ക് ജലവിഭവവകുപ്പിലെ എത്ര ക്ലാർക്ക്മാരുടെയും, ടൈപ്പിസ്റ്റുമാരുടെയും സ്ഥിരം ഓപ്ഷൻ ചോദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓപ്ഷൻ അംഗീകരിച്ചുകൊണ്ട് ജലവിഭവവകുപ്പിൽ നിന്നും വിടുതൽ ചെയ്തവരുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ആദ്യം ഓപ്ഷൻ സ്വീകരിച്ചശേഷം വീണ്ടും അതേ വിഭാഗക്കാരിൽ നിന്നും അതേ വിഷയത്തിൽ ഓപ്ഷൻ സ്വീകരിക്കാൻ വകുപ്പ് തയ്യാറാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ജലവിഭവ വകുപ്പിലെ തസ്തികകളും ഒഴിവുകളും</u>

4087 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ആകെ എത്ര ചീഫ് എൻജിനീയർ, സൂപ്രണ്ടിങ്ങ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III ഓവർസിയർമാർ എന്നിവ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകൾ എത്ര; ഈ ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സിവിൽ സ്റ്റേഷനുകളിൽ മഴവെള്ളസംഭരണികൾ</u>

4088 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സിവിൽ സ്റ്റേഷനുകളിൽ മഴവെള്ള സംഭരണികൾ നിലവിലുണ്ട്; നിലവിലുള്ളതിൽ എത്ര മഴവെള്ളസംഭരണികൾ പ്രവർത്തനക്ഷമമാണ്; വ്യക്തമാക്കാമോ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത മഴവെള്ളസംഭരണികൾ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മഴവെള്ളസംഭരണികൾ ഇല്ലാത്ത സിവിൽ സ്റ്റേഷനുകൾ ഏതെല്ലാം; പ്രസ്തുത സിവിൽ സ്റ്റേഷനുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇവിടങ്ങളിൽ അവ നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ജലവിഭവ വകുപ്പ് ഓഫീസുകളിൽ മഴവെള്ള സംഭരണികൾ</u>

4089 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ അമ്പതിൽ അധികം ജീവനക്കാർ ജോലിചെയ്യുന്ന ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസുകളിൽ എവിടെയെങ്കിലും മഴവെള്ള സംഭരണികളോ ജലത്തിന്റെ ശാസ്ത്രീയ ഉപയോഗത്തിനുള്ള മറ്റെന്തെങ്കിലും മാർഗ്ഗങ്ങളോ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ ഓഫീസുകളോടനുബന്ധിച്ചാണ് ഇത്തരം സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ളതെന്നും ഇവയുടെ സംഭരണശേഷി എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസ ഫണ്ടിലുൾപ്പെടുത്തി കുഴൽ കിണറുകളുടെ നിർമ്മാണം</u>

4090 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ ഫണ്ടിലുൾപ്പെടുത്തി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിന് ശുപാർശ ചെയ്ത പ്രകാരം കുടിവെളള ലഭ്യത തീരെ കുറഞ്ഞ നിരവധി പ്രദേശങ്ങളുണ്ടായിട്ടും നിർമ്മിച്ച് നൽകിയിട്ടുളള നാല് കുഴൽക്കിണറുകൾ തീരെ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിളിമാനൂർ ബ്ലോക്കിലുൾപ്പെടുന്നതും വർക്കല നിയോജക മണ്ഡലത്തിന്റെ ഭാഗമായതുമായ വടവൂർ, പളളിക്കൽ, നാവായിക്കുളം പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രകാരം എത്ര കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

T-4091 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന് എന്നാണ് അനുമതി ലഭിച്ചത്; ഈ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്നും ജലവിഭവ വകുപ്പ് എത്ര തുകയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അതിൽ ലഭ്യമായ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) കുട്ടനാട് പാക്കേജ് പ്രകാരം വകുപ്പിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; അതിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കുളങ്ങളുടെയും കിണറുകളുടെയും നിർമ്മാണം</u>

4092 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര കുളങ്ങളും, കിണറുകളും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എടുത്തിട്ടുണ്ട്;

(ബി) ഈ കുളങ്ങളുടെയും, കിണറുകളുടെയും പുനരുദ്ധാരണ ജോലി പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി ഈ ജോലി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) കിണറുകൾ നിർമ്മിക്കുന്ന പദ്ധതിയിൽ എത്ര കിണറുകൾ അനുവദിച്ചിരുന്നു;

(ഇ) ഇങ്ങനെ കിണറുകൾ നിർമ്മിച്ച ഗുണഭോക്താക്കൾക്ക്, അനുവദിച്ച തുക നൽകി കഴിഞ്ഞോ; ഇല്ലെങ്കിൽ ഈ തുക നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ നിർമ്മാണത്തിലിരിക്കുന്ന നീരേറ്റുപുറം പ്ലാന്റ്</u>

4093 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നിർമ്മാണത്തിലിരിക്കുന്ന നീരേറ്റുപുറം 14 എം.എൽ.ഡി.പ്ലാന്റിന്റെ ശേഷി 25 എം.എൽ.ഡി. ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) നീരേറ്റുപുറം പ്ലാന്റിൽ നിന്നും പള്ളിക്കൂട്ടുമ ജി.എൽ. ടാങ്കിലേക്കുള്ള പമ്പിംഗ് ലൈൻ മാറുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) നീരേറ്റുപുറം പ്ലാന്റിൽ നിന്നും മെയിൻ റോഡ് വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് ലൈൻ ശേഷി കൂട്ടി സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ മൈനര്‍ ഇറിഗേഷന്‍ ബഡ്ജറ്റ് വര്‍ക്കുകള്‍</u>

4094 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 സാമ്പത്തിക വര്‍ഷം കൊല്ലം ജില്ലയില്‍ മൈനര്‍ ഇറിഗേഷന്‍ ബഡ്ജറ്റ് വര്‍ക്കുകള്‍ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങള്‍ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കല്ലട ഇറിഗേഷന്‍ പ്രോജക്ടില്‍ ഉള്‍പ്പെട്ട കനാലിന്റെ നിര്‍മ്മാണം</u>

4095 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്ലട ഇറിഗേഷന്‍ പ്രോജക്ടിന്റെ പരവൂര്‍ ഡിസ്ട്രിബ്യൂട്ടറിയില്‍ ചിറക്കരത്താഴം ഭാഗത്ത് 23-ാം കിലോമീറ്ററില്‍ സ്ഥാപിച്ചിട്ടുളള ലിഫ്റ്റ് ഇറിഗേഷന്‍ സിസ്റ്റവും, തുടര്‍ന്ന് പരവൂര്‍ കോട്ടപ്പുറം, പൂതക്കുളം ഭാഗത്തേയ്ക്ക് പോകുന്ന 33 കിലോമീറ്റര്‍ വരെയുളള കനാലിന്റെ പൂര്‍ത്തീകരണവും സാദ്ധ്യമാകുന്നതിലേക്കായി നിവേദനം ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തീകരിക്കുന്നതിന് ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കില്‍ തുക കണ്ടെത്തുന്നതിനും, നിര്‍മ്മാണം പൂര്‍ത്തീകരിക്കുന്നതിനും സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>ജലവിഭവ വകുപ്പ് കായംകുളം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

4096 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

കണ്ടല്ലൂർ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

4097 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ളി മണ്ഡലത്തിലെ കണ്ടല്ലൂർ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശങ്ങളിലുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വരൾച്ച ദുരിതാശ്വാസ ജോലികളിൽപ്പെടുത്തി കോട്ടയം ജില്ലയിലെ കുടിവെള്ള വിതരണം</u>

4098

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വരൾച്ച ദുരിതാശ്വാസ ജോലികളിൽപ്പെടുത്തി കോട്ടയം ജില്ലയിലെ കുടിവെള്ള വിതരണത്തിന് എത്ര തുക അനുവദിച്ചു എന്നും ഇതിൽ നിന്നും ഓരോ നിയോജകമണ്ഡലത്തിനും എത്ര തുക വീതം അനുവദിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) അനുദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(സി) അനുവദിച്ച തുകയ്ക്കുള്ള ജോലികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കുളത്തൂർമൂഴി ചെക്ക് ഡാമിന്റെയും ഏറത്തു വടകര ചെക്ക് ഡാം-കം-കോസ്‌വെയുടെയും നിലവിലുള്ള പുരോഗതി</u>

4099 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ വെള്ളാവൂർ പഞ്ചായത്തിൽ മണിമലയാറിനു കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കുളത്തൂർമൂഴി ചെക്ക്ഡാമിന്റെയും ഏറത്തു വടകര ചെക്ക് ഡാം-കം-കോസ്‌വെയുടെയും നിലവിലുള്ള നിർമ്മാണ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>നവോദയപുരം പട്ടികജാതി കോളനിയിലെ കുടിവെള്ള ക്ഷാമം</u>

4100

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ - നീലിശ്വരം പഞ്ചായത്തിലെ നവോദയപുരം (ചീത്തപ്പാറ) പട്ടികജാതി കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 45 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>ചേലക്കര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ</u>

4101 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ 2010-11, 2011-12, 2012-13 വർഷങ്ങളിൽ നടപ്പിലാക്കുവാൻ ആസൂത്രണം ചെയ്തിരുന്ന വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നതും പൂർത്തീകരിക്കുന്നതിന് ചെലവായ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം ഇനിയും അവശേഷിക്കുന്നുണ്ടെങ്കിൽ കാരണം അറിയിക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ വരൾച്ച നേരിടാൻ പദ്ധതി

4102 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടാൻ സർക്കാർ അനുവദിച്ച തുകയിൽ നിന്നും ജല അതോറിറ്റി പാലക്കാട് ജില്ലയ്ക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിന്റെ അടിസ്ഥാനത്തിൽ നടത്തുന്നത്;

(സി) പാലക്കാട് ജില്ലയിൽ വരൾച്ച നേരിടുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജലസേചന പദ്ധതികൾ</u>

4103 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ജലസേചന പദ്ധതികളുടെ നവീകരണത്തിനായി എന്തു തുക അനുവദിച്ചു;

(ബി) മലമ്പുഴ ജലസേചന പദ്ധതിയുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു; എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ ആണ് നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്; ഓരോ വർക്കിനും അനുവദിച്ച തുക വ്യക്തമാക്കുമോ;

(സി) ചിറ്റൂർ പുഴ പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചു; എന്തെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത്;

(ഡി) കാഞ്ഞിരപ്പുഴ പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചു; നിർദ്ദേശിക്കപ്പെട്ട പ്രവൃത്തിയുടെ വിശദാംശം നൽകാമോ;

(ഇ) മംഗലം ഡാം ജലസേചന പദ്ധതിയ്ക്കായി എത്ര കോടി രൂപ അനുവദിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഓങ്ങല്ലൂർ ചങ്ങണാംകുന്നിലെ റഗുലേറ്റർ നിർമ്മാണം</u>

4104 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഓങ്ങല്ലൂർ ചങ്ങണാംകുന്നിൽ, വിളയൂർ പാറക്കടവിൽ നാട്യമംഗലം തോണിക്കടവിൽ റഗുലേറ്ററും തടയണയും നിർമ്മിക്കാനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഓങ്ങല്ലൂർ ചങ്ങണാംകുന്നിലെ റഗുലേറ്റർ നിർമ്മാണത്തിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ;

(സി) പ്രസ്തുത റഗുലേറ്റർ നിർമ്മാണത്തിന് ഈ സാമ്പത്തിക വർഷം പകുതിയോടെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

## ഉപ്പനാട് ജലസേചന പദ്ധതി

4105 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ പദ്ധതിയുടെ അടുത്തഘട്ടം എന്ന നിലയിൽ ഉപ്പനാട് പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ പാലക്കാടിന്റെ പടിഞ്ഞാറൻ മേഖലയ്ക്ക് മുഴുവനും കുടിവെള്ളത്തിനും കൃഷിക്കും പ്രയോജനകരമായിത്തീരും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബജറ്റിൽ ഇതിന് തുക വകയിരുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ചീക്കോട് കുടിവെള്ള പദ്ധതി

4106 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിൽ നിന്ന് രാമനാട്ടുകര പഞ്ചായത്തിന് കുടിവെള്ളം നൽകാനുള്ള തീരുമാനം നടപ്പാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>വെള്ളൂർ വെളിയന്നൂർ പദ്ധതി</u>

4107 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളൂർ വെളിയന്നൂർ പദ്ധതിയുടെ ഭാഗമായി കുറവിലങ്ങാട് പഞ്ചായത്തിൽ കുടിവെള്ളവിതരണ പദ്ധതിക്ക് വാട്ടർ ടാങ്ക് പണിയുന്നതിന് കുറവിലങ്ങാട് പഞ്ചായത്ത് സ്ഥലം കൈമാറുകയോ ആയത് വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടോയെന്നും എത്ര സെന്റ് സ്ഥലമാണ് കൈമാറിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പ്രധാന പൈപ്പ് ലൈൻ, സബ് പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവ പണിയുന്നതിന് കരാർ നൽകിയിരുന്നോ എന്നും, ആർക്കാണ് കരാർ നൽകിയതെന്നും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ എത്ര ശതമാനം ഉയർന്ന നിരക്കിലാണ് കരാർ നൽകിയതെന്നും വെളിപ്പെടുത്താമോ;

(സി) കരാർ പ്രകാരം ഏതൊക്കെ ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി ഏതൊക്കെ ജോലികളാണ് പൂർത്തിയാക്കാനുള്ളതെന്നും, തുടർ ജോലികൾ ചെയ്യാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർ, 'പഞ്ചായത്ത് സ്ഥലം കൈമാറിയിട്ടില്ല' എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥരാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) കുറവിലങ്ങാട് പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടും എന്തുകൊണ്ടാണ് പൈപ്പുകൾ സ്ഥാപിക്കാത്തതെന്നും, ഇവിടെ അനുവദിച്ച പൈപ്പുകൾ മറ്റേതെങ്കിലും പഞ്ചായത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ

മാറ്റുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(എഫ്) കുറവിലങ്ങാട് പഞ്ചായത്തിൽ പ്രസ്തുത പണികൾ നടക്കാത്തതുമൂലം ഖജനാവിന് എത്ര നഷ്ടം വന്നിട്ടുണ്ടെന്നും ഇതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്നും ആയതിന് ഏതൊക്കെ ഉദ്യോഗസ്ഥരാണ് ഉത്തരവാദികളെന്നും, ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തിരുനാവായ കുടിവെള്ള പദ്ധതിയ്ക്ക് അനുമതി</u>

4108 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുനാവായ കുടിവെള്ള പദ്ധതിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത് എന്നും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവൃത്തി എന്നാണ് തുടങ്ങിയത്;

(സി) തിരുനാവായ കുടിവെള്ള പദ്ധതിക്കാവശ്യമായ കഞ്ഞിപ്പുരയിലെ ടാങ്ക് നിർമ്മാണത്തിനും കുറ്റിപ്പുറം പഞ്ചായത്തിലെ കുണ്ടുകാടുള്ള ടാങ്ക് നിർമ്മാണത്തിനും, തിരുനാവായ നാവാമുകുന്ദ ഹയർ സെക്കണ്ടറി സ്കൂളിന്റെ സ്ഥലത്ത് നിർമ്മിക്കുന്ന ടാങ്കിനും ആവശ്യമായ സ്ഥലം ഏതു തീയതിയാണ് വാട്ടർ അതോറിറ്റിക്ക് കൈമാറിയതെന്ന് വ്യക്തമാക്കാമോ;

(ഡി) 2011-12, 2012-13 സാമ്പത്തിക വർഷം ഈ കുടിവെള്ള പദ്ധതിക്കായി പ്രത്യേകം ബജറ്റിലോ, ജലവിഭവ വകുപ്പിൽ നിന്നോ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തിരുനാവായ കുടിവെള്ള പദ്ധതി</u>

4109 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുനാവായ കുടിവെള്ള പദ്ധതിയുടെ മെയിന്‍ പൈപ്പ് ലൈന്‍, ഭൂമിക്കടിയിലൂടെ റെയില്‍വെ ലൈന്‍ ക്രോസ് ചെയ്ത് സ്ഥാപിക്കുന്നതിന് എന്നാണ് റെയില്‍വെയില്‍ നിന്ന് അനുമതി ലഭിച്ചത്;

(ബി) റെയില്‍വെയുടെ അനുമതി ലഭിക്കാനുള്ള കെ.ഡബ്ല്യു. എ. യുടെ ആദ്യത്തെ അപേക്ഷ എന്നാണ് റെയില്‍വെക്ക് സമര്‍പ്പിച്ചത്;

(സി) ആദ്യ അപേക്ഷയ്ക്കും, പിന്നീടുള്ള അപേക്ഷയ്ക്കും റെയില്‍വെയില്‍ നിന്നും കിട്ടിയ മറുപടിയുടെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ ടാങ്കുകളിലേക്കുള്ള പൈപ്പ് ലൈന്‍ സ്ഥാപിക്കാന്‍ നാഷണല്‍ ഹൈവേയില്‍ നിന്ന് എന്നാണ് അനുമതി കിട്ടിയത് എന്ന് വ്യക്തമാക്കാമോ;

(ഇ) എന്‍. എച്ച്. ന്റെ അനുമതിയ്ക്കായി കെ.ഡബ്ല്യു.എ. ആദ്യമായി ബന്ധപ്പെട്ടവര്‍ക്ക് അപേക്ഷ നല്‍കിയത് എന്നായിരുന്നു; ഇതിന് നാഷണല്‍ ഹൈവെയില്‍ നിന്നും ലഭിച്ച മറുപടിയുടെ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

**<u>മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ</u>**

4110

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് 2012-13 കാലത്ത് എത്ര തുകയാണ് ലഭിച്ചത് എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ നിന്ന് എന്തു തുക ചെലവഴിച്ചു എന്ന് വിശദമാക്കുമോ;

(സി) ചെലവഴിച്ച തുക മണ്ഡലം തിരിച്ച് വിശദമാക്കുമോ;

(ഡി) പൊന്നാനി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഇ) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

4111 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയിട്ടുളളത്;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തന പുരോഗതി ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുളളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

4112 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കുമോ;

(ബി) ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ;

(സി) വരൾച്ചയെ നേരിടുന്നതിനായി ജില്ലയിലെ സ്വാഭാവിക ജലസ്രോതസ്സുകളും ജലാശയങ്ങളും സംരക്ഷിച്ച് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ചാലിയാർ ഊർകടവിൽ പുതിയ കുടിവെള്ള പദ്ധതി</u>

4113 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിനും പരിസര പഞ്ചായത്തുകൾക്കുമായി ചാലിയാറിൽ ഊർകടവിൽ പുതിയ കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തിയാകാൻ സാധ്യതയില്ലാത്തതിനാലാണോ ഇത്തരം ഒരു പുതിയ പദ്ധതി പരിഗണിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി താലൂക്കിലെ വിവിധ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം</u>

4114 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ പഞ്ചായത്തുകൾക്ക് ശുദ്ധജലം എത്തിക്കാൻ വേണ്ടി പെരുവണ്ണാമൂഴിയിൽ പമ്പ്സെറ്റ്, ടാങ്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ഉൾപ്പെടുന്ന പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും;

(സി) കൊയിലാണ്ടി താലൂക്കിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും ഈ പദ്ധതി പ്രകാരം കുടിവെള്ളമെത്തിക്കാൻ വേണ്ടി പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

ഭൂജല വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

4115 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഭൂജല വകുപ്പ് 2010-2011, 2011-2012, 2012-2013 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) ഭൂജല വകുപ്പ് ആലപ്പുഴ ജില്ലയിലെ മണ്ഡലങ്ങളിൽ 2012-2013 വർഷം നടപ്പിലാക്കിയ പ്രവൃത്തികൾ മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ വാഴക്കുളത്തു നടന്ന അക്രമം</u>

4116 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പെരുമ്പാവൂരിനടുത്ത് വാഴക്കുളത്തു വെച്ച്, വാട്ടർ അതോറിറ്റിയുടെ നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് ജീവനക്കാരെ ഡ്യൂട്ടിക്കിടയിൽ ഒരു സംഘം ആളുകൾ ചേർന്ന് 9.10.2012ന് കയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിയമസഭയുടെ 7-ാം സമ്മേളനത്തിൽ 2185-ാം നമ്പർ ചോദ്യത്തിന് ബഹു. ആഭ്യന്തരവകുപ്പു മന്ത്രി നല്കിയ മറുപടിയിൽ ജലവിഭവ വകുപ്പാണ് മേൽനടപടികൾ സ്വീകരിക്കേണ്ടത് എന്നറിയിച്ചിരുന്നതിൻ പ്രകാരം ജലവിഭവ വകുപ്പ് അക്രമസംഭവത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം അനധികൃതമായി വിനിയോഗിച്ച് സിമന്റ് ഇഷ്ടിക നിർമ്മാണ ഫാക്ടറി നടത്തുന്നതിനെ തടഞ്ഞ എൻ.ഡബ്ല്യു.എം. സെൽ ജീവനക്കാരെ കയ്യേറ്റം ചെയ്തവർക്കെതിരെ പോലീസിൽ പരാതിപ്പെടാൻ ഉത്തരവാദിത്തപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥർ തയ്യാറാകാതിരുന്നതെന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഔദ്യോഗിക ജോലിക്ക് തടസ്സം നില്ക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉത്തരവാദപ്പെട്ട വകുപ്പ് മേധാവികൾ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം</u>

4117

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം മുതൽ കോട്ടപ്പുറംവരെയുള്ള ദേശീയ ജലപാതയുടെ പ്രവർത്തനം നവംബറിൽ ആരംഭിക്കുമോ;

(ബി) കൊല്ലം മുതൽ കോവളംവരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനത്തിന് മുന്തിയ പരിഗണന നല്കി ആരംഭിക്കുമോ;

(സി) കൊല്ലം തോട്ടിന്റെ നിർമ്മാണത്തിന് 6-6-2013 ന് ഭരണാനുമതി നല്കാൻ തീരുമാനിച്ച പ്രകാരം അനുവദിച്ച തുക കൊല്ലം അഷ്ടമുടികായൽ മുതൽ പരവൂർ കായൽവരെയുള്ള തോട്ടിന്റെ നവീകരണത്തിന് ആവശ്യമായ തുകയുടെ ഒരു ഭാഗം മാത്രമാണെന്നതിനാൽ ബാക്കിയുള്ള തുകകൂടി ഉടനെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ അനുവദിച്ച തുകയനുസരിച്ചുള്ള നിർമ്മാണം ഉടനെ ആരംഭിക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>ജലപാത വികസനം</u>

4118 ശ്രീ.സണ്ണി ജോസഫ്
'' ഡൊമിനിക് പ്രസന്റേഷൻ
'' പി. എ. മാധവൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലപാത വികസന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾക്കായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?